ശബരിമല വാർത്താക്കുറിപ്പ്
27.12.2024
മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം

## മകരവിളക്ക് മഹോത്സവത്തിന് മുന്നോടിയായി സന്നിധാനത്തെ ആഴി ശുചീകരിച്ചു.

ശബരിമല: മണ്ഡലകാല ഉത്സവം കഴിഞ്ഞ് ശബരിമല ക്ഷേത്രനടയടച്ചതിന് ശേഷം സന്നിധാനത്തെ ആഴി ശുചീകരിച്ചു.ശബരിമലയിൽ തീർത്ഥാടനത്തിനെത്തുന്ന ഭക്തർ ഇരുമുടിക്കെട്ടിൽ കൊണ്ടുവരുന്ന നെയ്ത്തേങ്ങയിലെ നെയ്യ് ശബരീശന് സമർപ്പിക്കുകയും ബാക്കി വരുന്ന നാളികേരം ആഴിയിലെ അഗ്നിയിൽ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. മകരവിളക്ക് മഹോത്സവത്തിന് ഡിസംബർ 30ന് വൈകിട്ട് നട തുറന്നശേഷം ആഴിയിൽ അഗ്നി തെളിയിക്കും.

## മണ്ഡലകാലത്ത് മൂവായിരത്തിലധികം പേർ സന്നിധാനം ഗവ ഹോമിയോ ഡിസ്പെൻസറിയുടെ സേവനം പ്രയോജനപ്പെടുത്തി

ശബരിമല: ഈ മണ്ഡലകാലത്ത് മൂവായിരത്തിമുന്നൂറിലധികം പേർ ശബരിമല സന്നിധാനം സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി. എണ്ണൂറിലധികം പേർക്ക് പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.

സന്നിധാനം ഹോമിയോ ഡിസ്പെൻസറി എല്ലാവർഷവും മണ്ഡല- മകരവിളക്ക് മഹോത്സവകാലത്ത് തുറന്നു പ്രവർത്തിക്കുന്നു. രണ്ട് ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ശബരിമല തീർത്ഥാടകർ, വിവിധ സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് ഇവിടെ ചികിത്സ നൽകിവരുന്നു.

പതിനായിരക്കണക്കിന് തീർത്ഥാടകർ ദിവസവും ദർശനം നടത്തുന്ന സന്നിധാനത്ത് സാംക്രമിക രോഗങ്ങളായ കൺജൻക്ടിവൈറ്റിസ്, ചിക്കൻപോക്സ്, ഡെങ്കിപ്പനി മുതലായവ പടർന്നു പിടിക്കാനുള്ള സാധ്യതയുണ്ട്. മണ്ഡലകാലത്ത് മേൽപ്പറഞ്ഞ രോഗങ്ങളെ നേരിടാനുള്ള പ്രതിരോധ മരുന്നും ഫലപ്രദമായ ചികിത്സയും ഹോമിയോ

ഡിസ്പെൻസറിയിലൂടെ ലഭ്യമാക്കാൻ സാധിച്ചതായി ഗവ ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ വിഷ്ണു വി. എസ്. പറഞ്ഞു

## അപ്പാച്ചിമേട് മുതൽ സന്നിധാനം വരെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു

മണ്ഡലകാല തീർത്ഥാടനം കഴിഞ്ഞു ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രനടയടച്ചതോട് കൂടി വിവിധ സർക്കാർ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ അപ്പാച്ചിമേട് മുതൽ സന്നിധാനം വരെയുള്ള മേഖലയിൽ ഇന്ന് (ഡിസംബർ 27) ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

18 സെക്ടറുകളിൽ ഒരേ സമയം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയെന്നും അപ്പാച്ചിമേട് മുതൽ സന്നിധാനം വരെ വിവിധ ടീമുകളെ നിയോഗിച്ചിട്ടുണ്ടെന്നും ഡ്യൂട്ടി മജിസ്ട്രേറ്റ് കൃഷ്ണകുമാർ കെ. അറിയിച്ചു.

ശുചീകരണ പ്രവർത്തനങ്ങളിൽ കൂടുതൽ  പ്രാധാന്യം നൽകിയത് അരവണ പ്ലാന്റും പരിസരങ്ങളും, മാളികപ്പുറം ക്ഷേത്രത്തിന് പിൻവശത്തുള്ള ഭാഗം,  ആയുർവേദ ആശുപത്രിയും പരിസരങ്ങളും തുടങ്ങിയ സ്ഥലങ്ങൾക്കാണ്.

രാവിലെ 7.30ന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങളിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിശുദ്ധി സേന, വിവിധ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ തുടങ്ങിയവർ സജീവമായി പങ്കെടുത്തു. എല്ലാ ഡിപ്പാർട്ട്മെന്റുകളും  സന്നദ്ധ സേവാ സംഘടനകളും കൈകോർത്തുകൊണ്ടാണ് വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതെന്ന് കൃഷ്ണകുമാർ പറഞ്ഞു.

ഡിസംബർ 30ന് വൈകുന്നേരം മകരവിളക്ക് മഹോത്സവത്തിനായി നട തുറക്കും. നട തുറക്കുമ്പോൾ എല്ലായിടത്തും ശുചീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നടന്നു വരുന്നത്.